# കേരളസർവകലാശാല

നം.പി.ആർ.101 (a)/2023

## പത്രക്കുറിപ്പ്

### രഞ്ജിത് ഗുഹ ജന്മശതാബ്ദി അനുസ്മരണം

പ്രശസ്ത കീഴാള ചിന്തകനും അധ്യാപകനുമായ രഞ്ജിത് ഗുഹയുടെ ജന്മ ശതാബ്ദി അനുസ്മരണം കേരള സർവ്വകലാശാലയുടെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇംഗ്ലീഷ് 23/05/2023 നടത്തുകയുണ്ടായി. വിദ്യാർത്ഥികളും ഗവേഷകരും അധ്യാപകരും പങ്കെടുത്ത യോഗത്തിൽ എം.എ. വിദ്യാർത്ഥികളായ അലീഫാ സലീം, റുമൈസ മുഹമ്മദ്, ഫർഹാ ജലാൽ എന്നിവർ പ്രബന്ധങ്ങൾ അവതരിപ്പിച്ചു.

വിയന്നയിൽ സർവകലാശാല അധ്യാപകനായ ഗുഹ 1923 ൽ ബംഗാളിലെ ഒരു ജന്മി കുടുംബത്തിലാണ് ജനിച്ചത്. ഇന്ത്യയിലും വിദേശത്തുമായി പഠനം പൂർത്തിയാക്കിയ അദ്ദേഹം സാധാരണക്കാരന്റെ - കീഴാള - ജീവനുകളെ പഠന വിധേയമാക്കുവാൻ പ്രയത്നിച്ചു. അറിയപ്പെട്ടാതെ പോയ ചരിത്രങ്ങളെ രേഖപ്പെടുത്തിയ അദ്ദേഹം ലോകമാസകലം ഇന്ന് ഉപയോഗിക്കുന്ന കീഴാള പഠന അഥവാ സബാൾട്ടേൻ സിദ്ധാന്തങ്ങളുടെ തുടക്കകാരനാണ്. ഗുഹയും വിദ്യാർത്ഥികളും നടത്തിയ ചർച്ചകളാണ് ഇവയുടെ സൈദ്ധാന്തിക അടിത്തറ. 2023 ഏപ്രിലിൽ ഗുഹ അന്തരിച്ചു. ഇന്ന് ലോകത്തിൽ ഏറ്റവും കൂടുതൽ ഗവേഷണ പഠനങ്ങൾ നടക്കുന്നത് ഈ രീതിശാസ്ത്രമനുസരിച്ചാണ്.

**തിരുവനന്തപുരം,**
**23.05.2023**

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ-ചാർജ്)

**E-mail:** For queries **helpdesk@keralauniversity.ac.in**
**website: www.keralauniversity.ac.in**

**University information is available on 9188526670, 9188526671, 9188526674, 9188526675**
**Whats App No.8547330240**